**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് – കൃഷി വകുപ്പിന്റെ ആഭിമുഖ്യത്തിൽ 2015 മേയ് 14 മുതൽ 17 വരെ നടക്കുന്ന അരൂർ അഗ്രി ഫെസ്റ്റ് 2015 – അരൂർ നിയമസഭാ നിയോജക മണ്ഡലത്തിലെ ഗ്രാമ പഞ്ചായത്തുകളിൽ നിന്നും സംഭാവന - യഥേഷ്ടാനുമതി നൽകി ഉത്തരവാകുന്നു.

---

**തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാ.) നം.1362/2015/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി: 06.05.2015.

---

പരാമർശം:-

1) അരൂർ എം.എൽ.എ. അഡ്വ.എ.എം. ആരീഫിന്റെ തീയതിയില്ലാ കത്ത്.

2) സ.ഉ.(എം.എസ്) 58/06/തസ്വഭവ തീയതി: 16.02.2006.

**<u>ഉത്തരവ്</u>**

സംസ്ഥാന കൃഷി വകുപ്പിന്റെ ആഭിമുഖ്യത്തിൽ 2015 മേയ് 14 മുതൽ 17 വരെ അരൂകുറ്റി വടുതല ജമാ അത്ത് ഹയർ സെക്കന്ററി സ്കൂളിൽ വച്ച് വിപുലമായ ഒരു കാർഷികമേള അരൂർ അഗ്രി ഫെസ്റ്റ് 2015 എന്ന പേരിൽ സംഘടിപ്പിക്കുന്നു. ടി മേളയിൽ എക്സിബിഷൻ സ്റ്റാളുകൾ, വിവിധ സെമിനാറുകൾ, കലാപരിപാടികൾ മത്സരങ്ങൾ തുടങ്ങിയ പരിപാടികൾ ഉൾക്കൊള്ളിച്ചിരിക്കുന്നു. ടി പരിപാടിയുടെ സംഘാടന ചെലവുകൾക്ക് അരൂർ നിയമസഭാ നിയോജക മണ്ഡലത്തിൽപ്പെട്ട ഗ്രാമ പഞ്ചായത്തുകളിൽ നിന്നും സംഭാവന നൽകുന്നതിനുള്ള അനുമതിയാണ് പരാമർശ കത്ത് പ്രകാരം ആവശ്യപ്പെട്ടിരിക്കുന്നത്.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. സംസ്ഥാന കൃഷി വകുപ്പിന്റെ ആഭിമുഖ്യത്തിൽ 2015 മെയ് 14 മുതൽ 17 വരെ അരൂകുറ്റി വടുതല ജമാ അത്ത് ഹയർ സെക്കന്ററി സ്കൂളിൽ വച്ച് നടത്തുന്ന കാർഷികമേള അരൂർ അഗ്രി ഫെസ്റ്റ് 2015-ന് അരൂർ നിയമസഭാ നിയോജകമണ്ഡലത്തിൽപ്പെട്ട അരൂർ, എഴുപുന്ന, കോടംതുരുത്ത്, കുത്തിയതോട്, തുറവൂർ, ചേന്നംപള്ളിപ്പുറം, തൈക്കാട്ടുശ്ശേരി, പാണാവള്ളി പെരുമ്പളം, അരൂക്കുറ്റി എന്നീ ഗ്രാമ പഞ്ചായത്തുകൾ അവരുടെ തനത് ഫണ്ടിൽ നിന്നും അവരുടെ കമ്മിറ്റി തീരുമാനത്തിന് വിധേയമായി പരമാവധി 10,000/- (പതിനായിരം രൂപ മാത്രം) വരെ സംഭാവന നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)

പി.റംലത്ത്,

ഡെപ്യൂട്ടി സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ. (ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്തുകൾക്ക് ഉത്തരവിന്റെ പകർപ്പ് നൽകേണ്ടതാണ്)
ഡയറക്ടർ, സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അഗ്രിക്കൾച്ചറൽ ഓഫീസർ, ആലപ്പുഴ.
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എൽ.ബി.എ &എ), കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കൃഷി വകുപ്പ്.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.